തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# നിർവാഹകസമിതി
# അമ്പത്തിയൊമ്പതാമത് യോഗതീരുമാനങ്ങൾ

**2023 ഫെബ്രുവരി 22 ബുധനാഴ്ച, ഉച്ചക്ക് 2 മണിക്ക്**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീമതി നിതാകുമാരി (സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീമതി റെറ്റി പി തോമസ് (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്)
5. ഡോ. ജെ. പ്രസാദ്
6. ഡോ. സി. രാജേന്ദ്രൻ
7. ഡോ. കെ.ജി. പൗലോസ്
8. ഡോ. കെ.വി. ശശി
9. ശ്രീ ആശിഷ് സുകു

ഡോ. ഇ. രാധാകൃഷ്ണൻ (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

യോഗം ഉച്ചക്ക് 2 മണിക്ക് ആരംഭിച്ചു.

**തീരുമാനങ്ങൾ**

ഇനം നമ്പർ: **2023.02**

വിഷയം: **നിർവാഹകസമിതിയുടെ അമ്പത്തിയേഴ്, അമ്പത്തിയെട്ട് യോഗങ്ങളുടെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: 1) താഴെ പറയുന്ന ഭേദഗതികളോടുകൂടി അമ്പത്തിയേഴാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിച്ചു.

ഇനം 2022.75 : ഫിനാൻസ് വിഭാഗത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളെ സംബന്ധിച്ച് തീരുമാനിക്കപ്പെട്ട പരിഗണനാ വിഷയങ്ങളിൻമേൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു.

സമിതി അംഗങ്ങൾ : ഡോ. കെ.വി.ശശി (കൺവീനർ)

ഡോ. ജെ. പ്രസാദ്, ഡോ. കെ.ജി. പൗലോസ്, ശ്രീ ആശിഷ് സുകു എന്നിവർ അന്വേഷണസമിതി അംഗങ്ങളായിരിക്കും.

ഇനം 2022.89 : ഗവേഷണച്ചട്ടത്തിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശുപാർശകളും പരിഗണിക്കുന്നതിനായി 28.02.2023 ന് ചേരുന്ന അക്കാദമിക് കൗൺസിൽ യോഗത്തിൽ ഈ വിഷയം അവതരിപ്പിക്കേണ്ടതാണ്.

ഇനം 2022.106 : വിദ്യാർത്ഥികളുടെ യാത്രക്കായി സർവകലാശാല ഏർപ്പെടുത്തിയ ബസിൽ 2022-23 ൽ പ്രവേശനം നേടി, ഹോസ്റ്റലുകളിൽ നാളിതുവരെ താമസിക്കാത്തവരും ദിനംപ്രതി അവരവരുടെ വീടുകളിൽ നിന്നും വന്നുപോകുന്നുവരുമായ ഏതെങ്കിലും വിദ്യാർത്ഥിയിൽ നിന്നും പ്രവേശന സമയത്ത് യാത്രാഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക അവർക്ക് തിരിച്ചു നൽകുക എന്ന ഭാഗം കൂടി മുൻതീരുമാനത്തിനോടു കൂട്ടിചേർക്കാൻ തീരുമാനിച്ചു.

**2) അമ്പത്തിയെട്ടാമത് യോഗതീരുമാനം സ്ഥിരീകരിച്ചു.**

ഇനം നമ്പർ: **2023.03**

വിഷയം: **മുൻതീരുമാനങ്ങളിലെ തുടർനടപടികൾ**

തീരുമാനം: സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2023.04**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2023.05**

വിഷയം: **31.12.2022 വരെയുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ**

തീരുമാനം: 31.12.2022 വരെയുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചു.
(ഫയൽ നം. 1960/2019/ഫിൻ. - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.06**

വിഷയം: **2023-24 സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് നിർവാഹകസമിതിയുടെ അടുത്ത യോഗത്തിന്റെ പരിഗണനക്കായി മാറ്റി വെച്ചു.
(ഫയൽ നം. 143/2023/ഫിൻ/ബജറ്റ് - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.07**

വിഷയം: **ശ്രേഷ്ഠമലയാള ഭാഷാപഠന മികവ്കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് 15.02.2023 വരെ നൽകിയ തുകയുടെ വിശദാംശങ്ങൾ അറിയിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: മികവ്കേന്ദ്രം, ക്ലാസ്/ ഫാക്കൽറ്റി മുറികൾ റിസോഴ്സ് സെന്റർ,ലൈബ്രറി വികസനം എന്നിവക്കായി ആകെ 358.30 ലക്ഷം രൂപയ്ക്കാണ് സർക്കാർ

ഭരണാനുമതി നൽകിയത്. എന്നാൽ സർവകലാശാല ഉന്നത വിദ്യാഭ്യാസവകുപ്പിന് സമർപ്പിച്ച 2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് അടങ്കൽ തുകയിൽ ഇതിനായി ഉൾക്കൊള്ളിച്ച തുകയാകട്ടെ 212 ലക്ഷം രൂപയും. ഇക്കാര്യത്തിൽ ഫിനാൻസ് ഓഫീസറുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ച ഉടനടി പരിഹരിക്കുന്നതിന് കൃത്യമായ തുക കാണിച്ച് സർക്കാരിന് കത്ത് എഴുതണമെന്ന് നിർവാഹകസമിതിയുടെ 57-ാമത് യോഗം ഫിനാൻസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഈ ആവശ്യാർത്ഥം സർക്കാരിലേക്ക് കത്ത് എഴുതിയതായി ഓർക്കുന്നില്ലായെന്ന് ഫിനാൻസ് ഓഫീസർ നിർവാഹകസമിതിയുടെ ഈ യോഗത്തിൽ അറിയിച്ചതിനെ തുടർന്ന്, കാലവിളംബം കൂടാതെ ഉടനടി സർക്കാരിലേക്ക് ഇക്കാര്യത്തിനായി കത്ത് എഴുതി അടുത്ത യോഗത്തിൽ ബോധ്യപ്പെടുത്തുവാൻ യോഗം ഫിനാൻസ് ഓഫീസറോട് നിർദ്ദേശിച്ചു.

(ഫയൽ നം. 556/2022/ഫിൻ. - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.08**

വിഷയം: **മികവ് കേന്ദ്രത്തിന്റെ നിർമ്മാണത്തിന് 2022-23 ബജറ്റിലെ 02-4010-02 എന്ന ശീർഷകത്തിൽ വകയിരുത്തിയ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: മികവ്കേന്ദ്രം, ക്ലാസ്/ ഫാക്കൽറ്റി മുറികൾ എന്നിവയുടെ നിർമാണത്തിനും റിസോഴ്സ് സെന്റർ, ലൈബ്രറി വികസനം എന്നിവക്കുമായി പാർട്ട് 2 - 02-ഭൗതിക വികസനം 02-4010-02 എന്ന ശീർഷകത്തിൽ നിലവിലെ 132 ലക്ഷത്തിന് പുറമെ 226.3 ലക്ഷം കൂടി വകയിരുത്തി 358.3 ലക്ഷം വർദ്ധിപ്പിച്ച് വകയിരുത്തുന്നത് സംബന്ധിച്ച് പഠിച്ച് അതിന്റെ ആവശ്യകത, സാധ്യത തുടങ്ങിവയെല്ലാം അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതിനായി ഡോ. ജെ. പ്രസാദ് കൺവീനറായും ശ്രീ ആശിഷ് സുകു അംഗമായും ഒരു ഉപസമിതി രൂപീകരിച്ചു.

(ഫയൽ നം. 556/2022/ഫിൻ. - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.09**

വിഷയം: സർവകലാശാലയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് തുക വകയിരുത്തുന്നതിനും, പുതിയ ശീർഷകം അനുവദിക്കുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ച്

തീരുമാനം: സർവകലാശാലയിൽ ലബോറട്ടറി ചെലവുകൾക്ക് തുറന്നിട്ടുള്ള ശീർഷകം അതിനായിത്തന്നെ നിലനിർത്തും. ഈ ശീർഷകത്തിലെ തുക വക മാറ്റില്ല. സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് 2023-24 സാമ്പത്തികവർഷത്തെ ബജറ്റിൽ പുതിയ ശീർഷകം അനുവദിക്കുവാൻ തീരുമാനിച്ചു. അനുബന്ധവിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർവാഹക സമിതി അംഗങ്ങളായ ഡോ. ജെ. പ്രസാദ് (കൺവീനർ), ശ്രീ ആശിഷ് സുകു, സർവകലാശാല എഞ്ചിനീയർ എന്നിവർ അംഗങ്ങളായി ഒരു സമിതി രൂപീകരിക്കാൻ തീരുമാനിച്ചു.

(ഫയൽ നം. 1450/2022/ഫിൻ/ജനറൽ - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.10**

വിഷയം: **സർവകലാശാലയിലെ രജിസ്ട്രാർ തസ്തികയിലേയ്ക്കുള്ള നിയമനം - സംബന്ധിച്ച്.**

തീരുമാനം: രജിസ്ട്രാർ തസ്തികയിലേക്കുള്ള നിയമനത്തിനായി, 28.12.2023 ലെ 924/എ1/2021/അഡ്മിൻ (വോള്യം 2) വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ച്, അപേക്ഷകരുമായി നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ സർവകലാശാല നിയമം, യു.ജി.സി. റെഗുലേഷൻസ് 2018, നിർവാഹകസമിതി അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്നിവ പാലിച്ച് സെലക്ഷൻ കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച ശുപാർശ അംഗീകരിച്ച് ഡോ. പ്രജിത് ചന്ദ്രനെ (കൊരണ്ടാം വളപ്പിൽ ഹൗസ്, തെയ്യങ്ങാട് പി.ഒ., പൊന്നാനി, മലപ്പുറം - 679577) തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ രജിസ്ട്രാറായി സർവകലാശാലാ നിയമം 2013 ലെ വകുപ്പ് 32(6), (7) (2019 ലെ 15-ാം ആക്ട്), ആദ്യ സ്റ്റാറ്റ്യൂട്ട്സ്, 2019 അദ്ധ്യായം 2 ലെ സ്റ്റാറ്റ്യൂട്ട് 20 ലേയും വ്യവസ്ഥകൾക്ക് വിധേയമായി അന്യത്ര സേവനത്തിൽ നാല് വർഷക്കാലയളവിലേക്കോ 56 വയസ്സ് തികയുന്നത് വരേയോ ഏതാണോ ആദ്യം അതുവരെ നിയമിക്കുവാൻ യോഗം ഏകകണ്ഠേന തീരുമാനിച്ചു. തീരുമാനം നടപ്പിൽ വരുത്തി നിയമനോത്തരവ് നൽകാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തു.

മിനിറ്റ്സ് യോഗത്തിൽ വായിച്ച് സ്ഥിരീകരിച്ചു.

924/എ1/2021/അഡ്മിൻ (വോള്യം 2) - ഭരണവിഭാഗം)

ഇനം നമ്പർ: **2023.11**

വിഷയം: **മലയാളസർവകലാശാല പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോഓപ്പറേറ്റീവ് സ്റ്റോറിന്റെ പേര് ചേർക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: സർവകലാശാല പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ കവർ പേജിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോഓപ്പറേറ്റീവ് സ്റ്റോറിന്റെ ലോഗോ ചേർക്കേണ്ടതില്ലെന്നും ക്രെഡിറ്റ് പേജിൽ 'അച്ചടിനിർവഹണം: കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോഓപ്പറേറ്റീവ് സ്റ്റോർ' എന്നു മാത്രം രേഖപ്പെടുത്തിയാൽ മതിയെന്നും തീരുമാനിച്ചു.

പുസ്തകങ്ങളുടെ വിതരണം സർവകലാശാല പ്രസിദ്ധീകരണ വിഭാഗം നിർവഹിക്കേണ്ടതാണ്.

(2051/2021/പ്രസി. - പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2023.12**

വിഷയം: **മലയാളസർവകലാശാല കാമ്പസിൽ കാലിക്കറ്റ് സെൻട്രൽ കോഓപ്പറേറ്റീവ് സ്റ്റോറിന് വില്പന കേന്ദ്രം തുടങ്ങുന്നത് സംബന്ധിച്ച്.**

തീരുമാനം: സർവകലാശാല വിദ്യാർത്ഥികളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ, സർവകലാശാലക്ക് നിലവിൽ സ്വന്തമായി കോഓപ്പറേറ്റീവ് സ്റ്റോർ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ തത്പരരായ വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ഇതുസംബന്ധിച്ച് വെബ്സൈറ്റ് വഴി അപേക്ഷ ക്ഷണിച്ച് നടപടി കൈക്കൊള്ളാൻ യോഗം തീരുമാനിച്ചു.

(349/2022/പ്രസി. - പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2023.13**

വിഷയം: **ജർമനിയിലെ ട്യൂബിൻഗനിലെ എബർഹാർഡ് കാൾസ് യൂണിവേഴ്സിറ്റിയും മലയാളസർവകലാശാലയുമായി സഹകരിച്ച് സ്ഥാപിതമായ ഗുണ്ടർട്ട് ചെയറിന്റെ ധാരണാപത്രം പുതുക്കി ഒപ്പിടുന്നത് - സംബന്ധിച്ച്.**

തീരുമാനം: ജർമനിയിലെ ട്യൂബിൻഗനിലുള്ള എബർഹാർഡ് കാൾസ് യൂണിവേഴ്സിറ്റിയിൽ പ്രവർത്തിച്ചുവരുന്ന ഗുണ്ടർട്ട് ചെയർ സംബന്ധിച്ച കരാർ പുതുക്കുന്ന വിഷയം സർവകലാശാല സ്റ്റാന്റിങ് കോൺസൽ നൽകിയിട്ടുള്ള നിയമോപദേശം കൂടി പഠിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ ഡോ. കെ.ജി. പൗലോസ് (കൺവീനർ), ഡോ. സി. രാജേന്ദ്രൻ, ഡോ. ജെ. പ്രസാദ്, ശ്രീ ആശിഷ് സുകു എന്നിവരടങ്ങുന്ന ഉപസമിതി രൂപീകരിച്ചു.

സമിതിയുടെ റിപ്പോർട്ട് നിർവാഹകസമിതിയുടെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(720/2019/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2023.14**

വിഷയം: **സാഹിത്യഫാക്കൽറ്റിയിൽ പിഎച്ച്.ഡി. ഗവേഷണം പൂർത്തിയാക്കിയ സാഹിത്യരചനാ സ്കൂളിലെ ശ്രീ വിനീഷ് എ.കെ. ക്ക് ഗവേഷണബിരുദം നൽകുന്നത്- സംബന്ധിച്ച്.**

തീരുമാനം: സാഹിത്യപഠനസ്കൂളിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ഇ. രാധാകൃഷ്ണന്റെ മാർഗദർശനത്തിൽ 'വാഗ്ഭടാനന്ദന്റെ സാഹിത്യസംഭാവനകൾ: സമൂഹം, സംസ്കാരം, ദർശനം' എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ സാഹിത്യരചനാ സ്കൂളിലെ ശ്രീ വിനീഷ് എ.കെ. ക്ക് സാഹിത്യഫാക്കൽറ്റിയിൽ പിഎച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

(1567/പിഎച്ച്.ഡി./2022/അക്കാദമികം. - ഭരണവിഭാഗം)

ഇനം നമ്പർ: **2023.15**

വിഷയം: **സാഹിത്യഫാക്കൽറ്റിയിൽ പിഎച്ച്.ഡി. ഗവേഷണം പൂർത്തിയാക്കിയ സാഹിത്യപഠനസ്കൂളിലെ ശ്രീമതി ഐശ്വര്യ വി. ഗോപാലിന് ഗവേഷണ ബിരുദം നൽകുന്നത് - സംബന്ധിച്ച്.**

തീരുമാനം: സാഹിത്യപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുഹമ്മദ് റാഫിയുടെ മാർഗദർശനത്തിൽ 'പി. പത്മരാജന്റെ കഥകളിലെ സ്വത്വ

പ്രതിസന്ധികൾ: തെരഞ്ഞെടുത്ത രചനകളെ ആസ്പദമാക്കി ആഖ്യാന ശാസ്ത്രപരമായ അന്വേഷണം' എന്ന വിഷയത്തിൽ ഗവേഷണം പൂർത്തി യാക്കിയ സാഹിത്യപഠനസ്കൂളിലെ ശ്രീമതി ഐശ്വര്യ വി. ഗോപാലിന് പിഎ ച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

(1586/പിഎച്ച്.ഡി./2022/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2023.16**

വിഷയം: **പൈതൃകഫാക്കൽറ്റിയിൽ പിഎച്ച്.ഡി. ഗവേഷണം പൂർത്തിയാക്കിയ സംസ്കാരപൈതൃകപഠനസ്കൂളിലെ ശ്രീമതി ദീപ എം. ന് ഗവേഷണബി രുദം നൽകുന്നത്- സംബന്ധിച്ച്.**

തീരുമാനം: കാലിക്കറ്റ് സർവകലാശാല ചരിത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. പി. സതീഷിന്റെ മാർഗദർശനത്തിൽ 'കൊളോണിയൽ ഭരണകൂടവും മലബാറിലെ തടി വ്യാപാരവും - എ.സി.. 1800-1860' എന്ന വിഷയത്തിൽ ഗവേഷണം. പൂർത്തിയാക്കിയ സംസ്കാരപൈതൃകപഠനസ്കൂളിലെ ശ്രീമതി ദീപ എം. ന് പിഎച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

(312/പിഎച്ച്.ഡി./2022/അക്കാദമികം. - ഭരണവിഭാഗം)

ഇനം നമ്പർ: **2023.17**

വിഷയം: **സാഹിത്യപഠനസ്കൂളിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. ഇ. രാധാ കൃഷ്ണന് 2018 ലെ യു.ജി.സി റെഗുലേഷൻ പ്രകാരം, 01-07-2020 പൂർവ്വാഹം മുതൽ, CAS പ്രകാരം അക്കാദമിക് ലെവൽ -14 പ്രൊഫസർ ഗ്രേഡിലേക്ക് പ്രൊമോഷൻ അനുവദിച്ചു നൽകുന്നത് -സംബന്ധിച്ച്.**

തീരുമാനം: സാഹിത്യപഠനസ്കൂളിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. ഇ. രാധാ കൃഷ്ണന് 2018 ലെ യു.ജി.സി റെഗുലേഷൻ അനുസരിച്ച്, 01-07-2020 പൂർവ്വാഹം മുതൽ, CAS പ്രകാരം അക്കാദമിക് ലെവൽ -14 പ്രൊഫസർ ഗ്രേഡിലേക്ക് പ്രൊമോഷൻ നൽകാൻ തീരുമാനിച്ചു.

(1043/2020/അഡ്മിൻ/എ5 - ഭരണവിഭാഗം)

ഇനം നമ്പർ: **2023.18**

വിഷയം: **ഡോ. സെയ്തലവി, ഡോ. സുനീത. ടി.വി. എന്നീ അസോസിയേറ്റ് പ്രൊഫ സർമാർക്ക് 2018 യു.ജി.സി റെഗുലേഷൻ പ്രകാരം CAS പ്രൊമോഷൻ നടപ ടികൾ സ്വീകരിക്കാൻ നിർവാഹകസമിതി എടുത്ത തീരുമാനത്തിന് വിരുദ്ധ മായി അവർ യു.ജി.സി റെഗുലേഷൻ 2010 ലെ 2016 ഭേദഗതി പ്രകാരം CAS പ്രൊമോഷന് അപേക്ഷ നൽകുകയും അപ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മറ്റികളുടെ ശുപാർശകളിൽ തുടർനടപടികൾ സ്വീകരിക്കുന്നത് - സംബ ന്ധിച്ച്.**

തീരുമാനം: (എ) ഭാഷാശാസ്ത്രസ്കൂളിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. സി. സെയ്തലവിക്ക് 2010 യു.ജി.സി റെഗുലേഷന്റെ 2016 ലെ ഭേദഗതി പ്രകാരം, 15-05-2020 പൂർവ്വാഹം മുതൽ, CAS പ്രകാരം അക്കാദമിക് ലെവൽ -14 പ്രൊഫ സർ ഗ്രേഡിലേക്ക് പ്രൊമോഷൻ നൽകുവാൻ തീരുമാനിച്ചു.

(ബി) സംസ്കാരപൈതൃകപഠന സ്കൂളിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. സുനീത ടി.വി.ക്ക് അക്കാദമിക് ലെവൽ -14 പ്രൊഫസർ ഗ്രേഡിലേക്ക് CAS പ്രകാരം പ്രമോഷൻ പരിഗണിക്കുന്നതിനുള്ള അപേക്ഷ പുനഃസമർപ്പിക്കണമെന്ന സെലക്ഷൻകമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചു.

(1043/2020/അഡ്മിൻ/എ5 - ഭരണവിഭാഗം)

ഇനം നമ്പർ: **2023.19**

വിഷയം: **സർവ്വകലാശാല അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. സുധീർ. എസ്. സലാം, ഡോ. വിദ്യ. ആർ എന്നിവർക്ക് CAS പ്രൊമോഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 2018 ലെ യു.ജി.സി റെഗുലേഷൻ പ്രകാരം സ്ക്രീനിങ് കം ഇവാലുവേഷൻ കമ്മറ്റി രൂപീകരിക്കുന്നതിനുള്ള അനുമതി -സംബന്ധിച്ച്.**

തീരുമാനം: സർവ്വകലാശാല അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. സുധീർ. എസ്. സലാം, ഡോ. വിദ്യ. ആർ എന്നിവർക്ക് CAS പ്രൊമോഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 2018 ലെ യു.ജി.സി റെഗുലേഷൻ പ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ സ്ക്രീനിങ് കം ഇവാലുവേഷൻ കമ്മറ്റി രൂപീകരിക്കാൻ യോഗം തീരുമാനിച്ചു.

(1134/എ5/2022/അഡ്മിൻ, 3270/എ5/2022/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.20**

വിഷയം: **ഡോ. ടി. അനിതകുമാരി, സാഹിത്യപഠനവിഭാഗം പ്രൊഫസറുടെ മുൻകാല എയ്ഡഡ് കോളേജ് സേവനം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നത്-സംബന്ധിച്ച്.**

തീരുമാനം: സാഹിത്യപഠനസ്കൂൾ പ്രൊഫസർ ഡോ. ടി. അനിതകുമാരിയുടെ പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിന്റെ ഭാഗമായി ഇടവിട്ടിട്ടുള്ള മുൻകാല എയ്ഡഡ് കോളേജ് സർവീസ് പരിഗണിക്കുന്നത് സംബന്ധിച്ച് ബാധകമായ സർക്കാർ ഉത്തരവുകൾ വിശദമായി പ്രതിപാദിച്ച് കുറിപ്പ് അടുത്ത യോഗത്തിൽ സമർപ്പിക്കാൻ നിർദ്ദേശം നൽകി.

(3367/2022/എ.എ.ഒ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.21**

വിഷയം: **സാഹിത്യപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മുഹമ്മദ് റാഫി എൻ.വി.യെ സാഹിത്യപഠനം പഠനബോർഡ് അംഗമായി നാമനിർദ്ദേശം ചെയ്യുന്നത് - സംബന്ധിച്ച്.**

തീരുമാനം: ഈ വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവെച്ചു.

(2231/എ1/2021/അഡ്മിൻ. - ഭരണവിഭാഗം)

ഇനം നമ്പർ: **2023.22**

വിഷയം: **അനദ്ധ്യാപക വിഭാഗം കരാർ ജീവനക്കാർക്ക് 2023 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെ, നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന വേതന ത്തിൽ 5% വർദ്ധനവ് അനുവദിച്ച് ഉത്തരവായ വൈസ്ചാൻസലറുടെ നടപ ടിക്രമം നിർവ്വാഹക സമിതിയിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

തീരുമാനം: അനദ്ധ്യാപകവിഭാഗം കരാർ ജീവനക്കാർക്ക് 2023 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെ, നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന വേതനത്തിൽ 5% വർദ്ധനവ് അനുവദിച്ച് വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവ് മരവിപ്പിച്ചു. 'വർധന സംബന്ധിച്ച് സർക്കാരിലേക്ക് അയച്ച കത്തിന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഓർമപ്പെടുത്തൽ കത്ത് നൽകുവാനും തീരുമാനിച്ചു.

(2073/2021/എ.എ.6/Vol.II - ഭരണവിഭാഗം)

ഇനം നമ്പർ: **2023.23**

വിഷയം: **ശമ്പളപരിഷ്കരണത്തിന്റെ തുടർച്ചയായി സർവകലാശാലാ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഇറക്കിയ ഉത്തരവ് സർവകലാശാലയിൽ നടപ്പാക്കിയത് റിപ്പോർട്ട് ചെയ്യുന്നത് – സംബ ന്ധിച്ച്.**

തീരുമാനം: 11-ാം ശമ്പളപരിഷ്കരണത്തിന്റെ തുടർച്ചയായി സർവകലാശാലാ ജീവന ക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 24.06.2021 ലെ 24.06.2021 ലെ GO(P) No. 87/2021/FIN നമ്പർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കിയ വൈസ് ചാൻസലറുടെ നട പടി യോഗം അംഗീകരിച്ചു.

(1800/2018/അഡ്മിൻ. - ഭരണവിഭാഗം)

ഇനം നമ്പർ: **2023.24**

വിഷയം: **പരിസ്ഥിതിപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അരുൺബാബു വി., ചലച്ചിത്രപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശ്രീദേവി പി., മാധ്യമപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ.എസ്. രാഗിണി, സാഹിത്യപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശുഭ കെ. എന്നിവർക്ക് ഗവേഷണ മാർഗദർശിത്വം അനുവദിച്ച വൈസ് ചാൻസലറുടെ നടപടി നിർവാഹകസമിതിയിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

തീരുമാനം: പരിസ്ഥിതിപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അരുൺബാബു വി., ചലച്ചിത്രപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശ്രീദേവി പി., മാധ്യമപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ.എസ്. രാഗിണി, സാഹിത്യപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശുഭ കെ. എന്നിവർക്ക് ഗവേഷണ മാർഗദർശിത്വം അനുവദിച്ച വൈസ് ചാൻസലറുടെ നടപടി സമിതിയിൽ റിപ്പോർട്ട് ചെയ്തു.

(1990/പിഎച്ച്.ഡി./ജനറൽ/2021. - ഭരണവിഭാഗം)

ഇനം നമ്പർ: **2023.25**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ വൈസ് ചാൻസലർ അദ്ദേഹത്തിന്റെ കാലാവധി പൂർത്തിയാവുന്നതിനു മുമ്പായി സ്ഥാനം ഒഴിയണമെന്ന ബഹു. ചാൻസലറുടെ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ സർവകലാശാലക്കുവേണ്ടി കേസ് വാദിച്ച അഡ്വ. എൻ. രഘുരാജിന് പ്രതിഫലം നൽകിയത് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ വൈസ് ചാൻസലർ അദ്ദേഹത്തിന്റെ കാലാവധി പൂർത്തിയാവുന്നതിനു മുമ്പായി സ്ഥാനം ഒഴിയണമെന്ന ബഹു. ചാൻസലറുടെ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ സർവകലാശാലക്കുവേണ്ടി റിട്ട് ഹർജികൾ ഫയൽ ചെയ്ത് കേസ് വാദിച്ച അഡ്വ. എൻ. രഘുരാജിന് സർവകലാശാലയുടെ തനത് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വക്കീൽ ഫീസിനത്തിൽ അനുവദിച്ചു നൽകിയ വൈസ് ചാൻസലറുടെ നടപടി സമിതി അംഗീകരിച്ചു.

(33824/Litigation/2022 - വിസി കാര്യാലയം)

ഇനം നമ്പർ: **2023.26**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല സാഹിത്യപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുഹമ്മദ് റാഫി. എൻ.വി.ക്ക് CAS പ്രമോഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 2018ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം, സെലക്ഷൻ കം സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്-**

തീരുമാനം: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല സാഹിത്യപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുഹമ്മദ് റാഫി. എൻ.വി.ക്ക് CAS പ്രമോഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 2018ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം, സെലക്ഷൻ കം സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അനുമതി നൽകി.

(3270/2022/എ5/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.27**

വിഷയം: **ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 5% സംവരണം നടപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് മലയാളസർവകലാശാലയിൽ നടപ്പാക്കിയത് നിർവാഹകസമിതിയിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 5% സംവരണം നടപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് മലയാളസർവകലാശാലയിൽ നടപ്പിലാക്കിയ വൈസ് ചാൻസലറുടെ നടപടി യോഗം അംഗീകരിച്ചു.

(767/2018/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.28**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ വിവിധ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന വിരമിച്ച ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയോടു കൂടി കുറിപ്പ് സമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് വിഷയം അടുത്ത യോഗത്തിന്റെ പരിഗണനക്കായി മാറ്റിവെച്ചു.

(153/2021/എ.എ.ഒ. - ഭരണവിഭാഗം)

യോഗം വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്